LIBRARY ARCHIVES Kerala Legislative Assembly

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

32 (4067) ശ്രീ. എളമരം കരീം :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ വർഷങ്ങളിൽ 100 ദിവസം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) 100 ദിവസം തൊഴിൽ ലഭ്യമായവരുടെ എണ്ണത്തിൽ കുറവ് വരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) പോരായ്മകൾ ഒഴിവാക്കി പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉല്പാദനക്ഷമമായ ആസ്തികളുടെ നിർമ്മിതിക്ക് ഊന്നൽ നൽകി മുൻകാലങ്ങളിൽ ഏറ്റെടുത്തിരുന്ന പ്രകടമല്ലാത്തതും ആവർത്തനസ്വഭാവമുള്ളതുമായ പ്രവൃത്തികൾ 3-1-2014 -ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക I &II ഭേദഗതിയെ തുടർന്ന് ഒഴിവാക്കിയിട്ടുണ്ട്. ഉല്പാദനക്ഷമവും ഈടുറ്റതും ഗുണമേന്മയുള്ളതുമായ ആസ്തികൾക്ക് പ്രാധാന്യം നൽകി പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ പ്രവൃത്തിദിനങ്ങൾ സൃഷ്ടിക്കുന്നതിൽ പരിമിതിയുണ്ടായിട്ടുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

33 (4068) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും പേര് രജിസ്റ്റർ ചെയ്തവർ എത്രയെന്ന് ജില്ലതിരിച്ച് വിശദമാക്കുമോ ;

(ബി) 2011 മുതൽ 2015 വരെ ഓരോ വർഷവും ഇവർക്കോരോരുത്തർക്കും എത്ര ദിവസം തൊഴിൽ നല്കിയെന്നും എത്ര കേന്ദ്ര സഹായം ലഭിച്ചുവെന്നും എത്ര ചെലവാക്കിയെന്നുമുള്ള വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കുമോ ;

(സി) 2011 മുതൽ 2015 വരെയുള്ള ലേബർ ബജറ്റുപ്രകാരം ഓരോ വർഷവും പ്രതീക്ഷിക്കപ്പെട്ട ശരാശരി തൊഴിൽദിനം എത്രയെന്നും ലഭിച്ച പ്രതിദിനവേതനം എത്രയെന്നും വർഷം തിരിച്ചും ജില്ലതിരിച്ചും വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച ലേബർ ബജറ്റിന്റെയും അനുബന്ധ സംസ്ഥാന-കേന്ദ്ര സർക്കാർ ഉത്തരവുകളുടെയും 2011 മുതലുള്ള പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയിലെ ഷെഡ്യൂൾ I-ൽപ്പെട്ട എന്തെല്ലാം പ്രവൃത്തികൾ 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാന സർക്കാർ നടപ്പിലാക്കിയെന്നും ഇവയ്ക്കോരോന്നിനും ലഭിച്ച തുകയും ചെലവാക്കിയ തുകയും എത്ര വീതമെന്നും വ്യക്തമാക്കുമോ ;*

(എഫ്) നിലവിൽ തൊഴിലുറപ്പ് ജോലി ചെയ്തവരിൽ നാളിതുവരെ വേതനം ലഭിക്കാത്തവർ ആരെല്ലാം ; ജില്ല തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും പദ്ധതിയിൽ തൊഴിൽ ലഭിച്ചവരുടെയും ലഭ്യമാക്കിയ കേന്ദ്ര സഹായത്തിന്റെയും ചെലവാക്കിയ തുകയുടെയും ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(സി) 2011 മുതൽ 2015 വരെയുള്ള ലേബർ ബഡ്ജറ്റ് പ്രകാരം ഓരോ വർഷവും പ്രതീക്ഷിക്കപ്പെട്ട ശരാശരി തൊഴിൽദിനം സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ, പ്രതിദിന വേതനം എന്നിവ സംബന്ധിച്ച വിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലേബർ ബഡ്ജറ്റിന്റെയും അനുബന്ധ സംസ്ഥാന-കേന്ദ്ര സർക്കാർ ഉത്തരവുകളുടെയും 2011 മുതലുള്ള പകർപ്പുകൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.*

(ഇ) 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതികൾക്ക് ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം V ആയി ചേർത്തിരിക്കുന്നു.*

(എഫ്) അനുബന്ധം VI ആയി ചേർത്തിരിക്കുന്നു.*

എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ

34 (4069) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിനുകീഴിലുള്ള വികസന പരിശീലന കേന്ദ്രങ്ങളിൽ (എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ) ആർക്കൊക്കെയാണ് പരിശീലനം നൽകുന്നത് ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ ഒരു പരിശീലനാർത്ഥിക്ക് പ്രതിദിനം എത്ര രൂപയാണ് ഭക്ഷണത്തിനായി അനുവദിച്ചിരിക്കുന്നതെന്നും ഒരു ഫാക്കൽറ്റി അംഗത്തിന് പ്രതിദിനം എത്ര രൂപയാണ് പ്രതിഫലമായി നൽകുന്നതെന്നും വ്യക്തമാക്കുമോ ;

(സി) മേൽ പറഞ്ഞ തുകകൾ പര്യാപ്തമാണോ എന്നും പര്യാപ്തമല്ലെങ്കിൽ ആയതു പര്യാപ്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഗ്രാമവികസന വകുപ്പ്, ഇതര വകുപ്പുകളിലെ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, കുടുംബശ്രീ അംഗങ്ങൾ, സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികൾ, കർഷകർ, എസ്.സി./എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവർക്ക് വികസന പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നു.

(ബി) ഒരു പരിശീലനാർത്ഥിക്ക് പ്രതിദിനം ഭക്ഷണത്തിനായി 80 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഒരു ഫാക്കൽറ്റി അംഗത്തിന് പ്രതിഫലമായി മണിക്കൂറിന് 150 രൂപയാണ് നൽകുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly